"ഭരണഭാഷ മാതൃഭാഷ"

WEC-5/12900/21(2)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 07/06/2022
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം:-വനിതശിശുവികസനവകുപ്പ്- ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ വിവാഹം- അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകൾ- സംബന്ധിച്ച്:-

സൂചന: GO(Rt.)No.80/2016/SJD DATED 11/02/2016

വകുപ്പിന് കീഴിലുള്ള വനിതാക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ വിവാഹത്തിനുള്ള അനുമതിക്കായി സ്ഥാപനമേധാവികൾ അപേക്ഷ സമർപ്പിക്കുമ്പോൾ പ്രസ്തുത അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട എല്ലാ രേഖകളും ഉള്ളടക്കം ചെയ്യാത്തതു കാരണം വിവാഹാനുമതിയും, ഫണ്ടും സമയബന്ധിതമായി നൽകാൻ സാധിക്കാത്ത അവസ്ഥ ഉണ്ടാകുന്നുണ്ട്. ആകയാൽ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ വിവാഹാനുമതിക്കായി സ്ഥാപനമേധാവികൾ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ചുവടെ വിവരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് നിർബ്ബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. വരന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ
2. വരന്റെയും, വധുവിന്റെയും സമ്മതപത്രം
3. വരന്റെയും വധുവിന്റെയും മെഡിക്കൽ റിപ്പോർട്ട്
4. വിവാഹപൂർവ്വ കൌൺസിലിംഗ് റിപ്പോർട്ട്
5. വരന്റെ സ്വഭാവസർട്ടിഫിക്കറ്റ്
6. വരന്റെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്
7. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ ശുപാർശ

വനിതശിശുവികസനഡയറക്ടർക്കുവേണ്ടി

എല്ലാ വനിതക്ഷേമസ്ഥാപനസൂപ്രണ്ടുമാർക്കും